വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ, ബി) വിവരങ്ങൾ അടങ്ങുന്ന ഒരു † പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : മേശപ്പുറത്തുവെച്ച പട്ടികയിൽ ഗവണ്മെൻറ് ആഭിമുഖ്യത്തിൽ നടത്തുന്ന പത്തു വ്യവസായങ്ങളിൽ മൂന്നു എണ്ണം ഭൂരിപക്ഷമായ ലാഭത്തിലും ബാക്കി ഏഴു എണ്ണം ഭീമമായ നഷ്ടത്തിലും ആണു നടത്തുന്നതു എന്നു കാണുന്നു. പ്രൈവറ്റു സെക്ടറിൽ ഗവണ്മെൻറു ഓഹരി എടുത്തു നടത്തുന്ന 22 വ്യവസായങ്ങളിൽ മൂന്നു എണ്ണം നഷ്ടത്തിലും, ബാക്കി പത്തൊൻപതു എണ്ണം നല്ല ലാഭത്തിലും നടത്തുന്നതായി കാണുന്നു. ഇതിൽ നിന്നു സഹകാര്യമേഖലയിൽ നടത്തുന്ന വ്യവസായങ്ങൾ വളരെ കാര്യക്ഷമമായും, ലാഭത്തിലും നടത്തുന്നുവെന്നും ഗവണ്മെൻറു ഉടമയിൽ നടത്തുന്ന വ്യവസായങ്ങൾ ആ നിലയിലല്ലെന്നും കണക്കാക്കാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ കണക്കാക്കുന്നതു ശരിയായിരിക്കുകയില്ല. പൊതുമേഖലയിൽ വ്യവസായങ്ങൾ നടത്തുമ്പോൾ അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു ആവശ്യമുള്ള സംഘടന ഉണ്ടാകണം. ഇവിടെ പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെ ഓരോ വ്യവസായഡിപ്പാർട്ടുമെൻറു നേരിട്ടു നടത്തുന്നതു നിമിത്തം സാമ്പത്തികമായി പൂർണ്ണമായ പ്രവർത്തനം ഇല്ലാതെ പോയി എന്നുള്ളതുകൊണ്ടാണു നഷ്ടം വരുന്നതെന്നു വിദഗ്ധാഭിപ്രായം ഉണ്ടായിട്ടുണ്ടു്. ആ അഭിപ്രായത്തിൻറെ അടിസ്ഥാനത്തിൽ ഇവിടെ പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംതന്നെ ഒരു കോർപ്പറേഷനായി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്തായാലും വ്യവസായ ഡിപ്പാർട്ടുമെൻറിൻറെ കീഴിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംതന്നെ വളരെ മോശമായ നിലയിലാണു് നടക്കുന്നതെന്നുള്ള വസ്തുത മനസ്സിലാക്കി അവയെല്ലാംതന്നെ ഒരു കോർപ്പറേഷനായി രൂപീകരിച്ചു് അതിൻറെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റി ഒരു തീരുമാനം ഈ ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതുതന്നെയാണു് ഞാൻ പറഞ്ഞതു്. പൊതുമേഖലയിൽ നടത്തുന്ന വ്യവസായങ്ങളെല്ലാംകൂടി ഒരു കോർപ്പറേഷനായി രൂപവൽക്കരിച്ചു് അതിൻറെ കീഴിൽ പ്രവർത്തനം തുടങ്ങി കഴിഞ്ഞിട്ടുണ്ടു് എന്നു്.

വൻകിട വ്യവസായം

* 918. [8] ‡ ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഡിസ്ട്രിക്ടിൽ എന്തെങ്കിലും വൻകിട വ്യവസായം ഇപ്പോഴുണ്ടോ ;

(ബി) അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഡിസ്ട്രിക്ടിൽ എന്തെങ്കിലും വൻകിടവ്യവസായം പൊതുമേഖലയിൽ ആരംഭിക്കുന്നതിനു വേണ്ടതു ചെയ്യുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഇപ്പോൾ രണ്ടു വൻകിട വ്യവസായങ്ങൾ ഉണ്ടു്. മൂന്നാമതൊരെണ്ണം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്.

(ബി) അതിനുള്ള സാദ്ധ്യതകൾ ഉണ്ടോയെന്നു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

---

† Appendix II.

† Put by Shri K. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോഴും രണ്ടു വൻകിട വ്യവസായങ്ങളും ഉള്ളതു് ഏതെല്ലാമാണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒന്നു് ട്രാവൻകൂർ സിമൻറു കമ്പനി പ്രൈവറ്റു ലിമിറ്റഡു്, രണ്ടു് ട്രാവൻകൂർ പെട്രോകെമിക്കൽസു് ഇൻഡസ്ട്രീസു്, ചിങ്ങവനം. മൂന്നാമതു് ഒരു സ്പിന്നിംഗ്മിൽ ആരംഭിക്കാനുള്ള നടപടികളും എടുത്തുവരികയാണു്.

ശ്രീ. എൻ. എസ് കൃഷ്ണപിള്ള : ട്രാവൻകൂർ സിമൻറു് കമ്പനി പ്രൈവറ്റു് ലിമിറ്റഡിൽ കഴിഞ്ഞ കുറെ കൊല്ലങ്ങൾക്കു് മുമ്പു്, അവിടേയ്ക്കു് ആവശ്യമുള്ള കക്കാ കിട്ടാനില്ലെന്നു് ഒരു റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു. ഇപ്പോൾ ആവശ്യമുള്ള കക്കാ കിട്ടി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അന്നത്തെ റിപ്പോർട്ടിൽ പറയുന്നതു് അത്ര ശരിയല്ലെന്നാണു് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു്. ഇനിയും കുറച്ചു കാലത്തേക്കുകൂടി കക്കാ കിട്ടാൻ വിഷമമില്ലെന്നറിയുന്നു.

ശ്രീ. സി. അച്യുതമേനോൻ : ചിങ്ങവനത്തുള്ള ട്രാവൻകൂർ പെട്രോകെമിക്കൽസു് ഇൻഡസ്ട്രീസു് തുടങ്ങിയിട്ടു് വളരെക്കാലമായിയെന്നറിയുന്നു. വാസ്തവത്തിൽ അവിടെ തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവിടെ ഉൽപാദനം ആരംഭിച്ചുവെന്നു പറയാറായിട്ടില്ല. അവിടേയ്ക്കു ആവശ്യമുള്ള യന്ത്രസാമഗ്രികളും വരുത്തുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. താമസിയാതെ തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുകയാണു്.

ശ്രീ. ടി. കൃഷ്ണൻ : ഒരു സ്പിന്നിംഗ് മിൽ തുടങ്ങാനുള്ള നടപടികളെടുത്തിട്ടുണ്ടെന്നു് പറഞ്ഞു. ഇതിനുമുമ്പു കൊല്ലം ജില്ലയിൽ ഒരു സ്പിന്നിംഗ് മിൽ അനുവദിക്കുകയുണ്ടായി. അതിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള വിവരങ്ങളെന്താണെന്നു് അറിയിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ സ്പിന്നിംഗ് മില്ലിനു് ആവശ്യമായ യന്ത്രസാമഗ്രികൾക്കുള്ള ഓർഡർ കൊടുത്തിട്ടുണ്ടു്. അതിലേയ്ക്കുള്ള ലൈസൻസു് ലഭിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : മുടക്കുമുതലിൻെറ ആധിക്യത്തെ അടിസ്ഥാനപ്പെടുത്തിയോ, ഉൽപാദനത്തിൻെറ സാദ്ധ്യതയേ അടിസ്ഥാനപ്പെടുത്തിയോ എങ്ങനെയാണു് വൻകിട വ്യവസായങ്ങൾ എന്നു പറയുന്നതു് ; ഏതെല്ലാം വ്യവസായങ്ങളാണു് വൻകിട വ്യവസായങ്ങളെന്നു് പറയുന്നതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കൂടുതൽ മൂലധനം മുടക്കുന്ന വ്യവസായങ്ങളെയാണു് വൻകിട വ്യവസായങ്ങൾ എന്നു പറയുന്നതു്.

വ്യവസായ ലോൺ

* 919. [9] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962 ജനുവരി മുതൽ 1963 ഡിസംബർ അവസാനംവരെ സ്റ്റേറ്റിൽ എത്രപേർക്കു വ്യവസായത്തിനു ലോൺ കൊടുത്തു ;

(ബി) ഏതെല്ലാം വ്യവസായങ്ങൾക്കു് ;

(സി) ഓരോരുത്തർക്കും എത്ര രൂപ വീതം കൊടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly